കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

Kerala Regional Latin Catholic Secretariat

P.B. No. 620, U.C. College P.O., Aluva - 683102

Tel : 0484-2603705, +91-903700222

kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt.Rev.Dr. Dennis Kuruppassery | Rev.Fr.Anoop Kalathithara OSJ | Mr.Paul Jose | Mr. Sherin K R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.10 Date: 31/03/2026

സ്നേഹബഹുമാനപ്പെട്ട വൈദീകരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

# പ്രാർത്ഥനാ ആഹ്വാനം

നമ്മുടെ ഈശോമിശിഹാ തന്റെ പരിശുദ്ധമായ ശരീരം മുറിച്ചു നൽകുകയും ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെയും സ്നേഹത്തിന്റെയും വലിയ പാഠം നൽകുകയും ചെയ്ത പെസഹാ വ്യാഴാഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ.

"*നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ*" എന്ന കർത്താവിന്റെ ആഹ്വാനം ലോകമെങ്ങും അലയടിക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ലക്ഷക്കണക്കിന് സഹോദരങ്ങളെ ഓർത്ത് നമ്മുടെ യുവജനങ്ങൾ ഏറെ ആകുലരാണ്. യുദ്ധക്കളങ്ങളിൽ പിടയുന്ന കുഞ്ഞുങ്ങളുടെയും, വീടും കുടുംബവും നഷ്ടപ്പെട്ട അഭയാർത്ഥികളുടെയും കണ്ണീർ തുടയ്ക്കാൻ പ്രാർത്ഥനയല്ലാതെ മറ്റൊരു വലിയ ആയുധമില്ലെന്ന് നമുക്കറിയാം

അതുകൊണ്ട് ഈ വരുന്ന പെസഹാ വ്യാഴാഴ്ച (02/04/2026) കേരളത്തിലെ 12 ലത്തീൻ രൂപതകളിലെയും എല്ലാ ദേവാലയങ്ങളിലും നടത്തിവരുന്ന പ്രത്യേക പ്രാർത്ഥനയിലും (Holy Hour) ദിവ്യകാരുണ്യ ആരാധനയിലും യുവജനങ്ങൾക്കായി പ്രത്യേക സമയം മാറ്റി വയ്ക്കുവാനും, പ്രസ്തുത സമയം യുദ്ധബാധിത രാജ്യങ്ങളെയും യുദ്ധക്കെടുതിയിൽ പെട്ടുപോയവരെയും ഓർത്തു പ്രാർത്ഥിക്കുവാനുമായി നിങ്ങളുടെ രൂപതയിലെ/ അതിരൂപതയിലെ എല്ലാ ഇടവകകളിലേക്കും നിർദേശം നൽകണമെന്ന് കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ആഹ്വാനം ചെയ്യുന്നു.

ഈ പ്രാർത്ഥനാ ശുശ്രൂഷയിലൂടെ:

1. യുദ്ധക്കെടുതിയിൽ പെട്ടുപോയ നിരാലംബരായ ജനതയ്ക്ക് ദൈവീക സംരക്ഷണം ലഭിക്കാനും
2. ലോകനേതാക്കളുടെ ഹൃദയങ്ങളിൽ സമാധാനത്തിന്റെ വിത്തുകൾ പാകുവാനും
3. ക്രിസ്തുവിന്റെ ശാന്തി ലോകമെങ്ങും വ്യാപിക്കുവാനും

ഈ ഒരു സർക്കുലർ ഫൊറോനാ, യൂണിറ്റ് തലങ്ങളിലേക്കു എത്തിക്കുന്നതിനു വേണ്ടിയുള്ള എല്ലാ സഹായ സഹകരണവും കെ.സി.വൈ.എം. രൂപതാ ഡയറക്ടർ/ പ്രസിഡന്റ് എന്ന നിലയിൽ നിങ്ങളുടെ ഭാഗത്തു നിന്നു ഉണ്ടാവണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

## നന്ദിയോടെ...

Y-MAP ക്യാമ്പിന്റെ രണ്ടാം ഘട്ടത്തിന് ആതിഥേയത്വം വഹിച്ച കെ.സി.വൈ.എം. കൊല്ലം രൂപതക്ക് കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

## അഭിനന്ദങ്ങൾ...

സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ശ്രീജ ജെ. എസ്. (57th റാങ്ക്, നെയ്യാറ്റിൻകര രൂപത), നിധിൻ ആർ. എച്ച്. (699th റാങ്ക്, നെയ്യാറ്റിൻകര രൂപത) എന്നിവർക്ക് അഭിനന്ദനങ്ങൾ!

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി